**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1980** **17.12.2012-ൽ മറുപടിക്ക്.**

## നിരീക്ഷണ ക്യാമറ നെറ്റ് വർക്ക് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) പ്രസ്തുത സംവിധാനം എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | : (എ), (ബി) & (സി)<br><br>14.09.2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ:2744/2012/ഹോം പ്രകാരം 525 കിലോമീറ്റർ ദൈർഘ്യമുള്ളതും അപകട സാധ്യത കൂടുതലുള്ളതുമായ ദേശീയ പാതകളുടെ ഇരുവശങ്ങളിലുമായി 100 സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ ആദ്യഘട്ടമെന്ന നിലയിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ദേശീയ സംസ്ഥാന പാതകൾ പോലീസ് നിരീക്ഷണത്തിലാക്കുന്നതിനുള്ള നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഘട്ടംഘട്ടമായി ദേശീയ സംസ്ഥാന പാതകൾ പൂർണ്ണമായും പോലീസ് നിരീക്ഷണത്തിലാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | : (ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ